# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4622 — 25.06.2019-ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് എന്തിനുവേണ്ടിയാണ്, വിശദമാക്കാമോ; | (എ) | വർഷകാലത്താണ് ഏറെ മത്സ്യങ്ങളും പ്രജനനം നടത്തുന്നത്. ട്രോളിംഗ് വഴി മത്സ്യമുട്ടകളും മത്സ്യകുഞ്ഞുങ്ങളും തള്ള മത്സ്യങ്ങളും നശിപ്പിക്കപ്പെടുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന് ഈ സമയത്ത് ട്രോളിംഗ് നിർത്തിവയ്ക്കേണ്ടതാണ്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന്റെ ഭാഗമായുമാണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നത്.<br>ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസമാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം. |
| (ബി) | സംസ്ഥാനത്ത് മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന എത്ര യന്ത്രവത്കൃത വള്ളങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | ട്രോളിംഗ് നിരോധനം മൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനും മറ്റു സാമ്പത്തികസഹായങ്ങളും നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദമാക്കാമോ? | (സി) | ട്രോളിംഗ് നിരോധനം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് വഴി സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500/- രൂപയായി വർദ്ധിപ്പിച്ച് 3 ഗഡുക്കളായി പഞ്ഞമാസങ്ങളിൽ നൽകി വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി 1350/- രൂപയും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

GOVERNMENT OF KERALA
Department of Fisheries

Number of Fishing Vessels Registered in (KERALA)

| Name of Marine Districts | Deep Sea Fishing Vessel | Motorized non Mechanical | Motorized Mechanical | Non-motorized |
|---|---|---|---|---|
| Thiruvananthapuram | 0 | 10187 | 15 | 1382 |
| Kollam | 0 | 2822 | 1228 | 163 |
| Alappuzha | 0 | 5070 | 150 | 316 |
| Ernakulam | 51 | 611 | 1349 | 229 |
| Thrissur | 0 | 1119 | 110 | 122 |
| Malappuram | 0 | 4187 | 267 | 46 |
| Kozhikode | 0 | 3529 | 748 | 195 |
| Kannur | 0 | 1825 | 235 | 212 |
| Kasargod | 0 | 1908 | 85 | 107 |
| Total | 51 | 31258 | 4187 | 2772 |

സെക്ഷൻ ഓഫീസർ